# ACADEMIC MASTER PLAN

## 2025-2026

## CLASS- 1

# ആമുഖം

സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുകയെന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപം നൽകുന്നത്. 2025-2026 അധ്യയന വർഷത്തിൽ മൂന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടിയുടെ മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യം വയ്ക്കുന്നത്. പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദപരവും കൂടുതൽ ആസ്വാദ്യകരവുമായി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

# ജൂൺ

## പ്രവർത്തന ഘട്ടങ്ങൾ

- സചിത്ര ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
- സചിത്ര ബുക്ക്, സംയുക്ത ഡയറി, രചനോത്സവം എന്നീ ആശയങ്ങൾ രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
- ചിത്രകാർഡുകൾ, വായനാകാർഡുകൾ നിർമ്മാണ ശില്പശാല.
- സചിത്ര നോട്ട് ബുക്ക് തയ്യാറാക്കൽ.
- കഥകൾ - ചിത്രങ്ങൾ വഴിയും, ഡിജിറ്റൽ മാർഗത്തിലൂടെയും നൽകൽ.
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.

# ജൂലൈ

## പ്രവർത്തന ഘട്ടങ്ങൾ

- സചിത്ര നോട്ട്ബുക്ക് - ശില്പശാല
- സംയുക്ത ഡയറി എഴുതാൻ സഹായമൊരുക്കൽ
- കുട്ടിയ്ക്ക് സ്വയം കവിത ചൊല്ലാൻ, കഥ പറയാൻ അവസരം ഒരുക്കൽ.

- വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.

## പ്രവർത്തനങ്ങൾ

- സചിത്ര നോട്ട് ബുക്ക് തയ്യാറാക്കൽ
- സംയുക്തഡയറി രൂപവാക്കിൽ എഴുതാൻ അവസരം ഒരുക്കുന്നു.
- ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ തൊട്ട് അറിയാനും നിറങ്ങൾ നോക്കാനും അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്രവായനയ്ക്ക് അവസരം നൽകുന്നു. വാചികമായി പറയാനും അവസരം കൊടുക്കുന്നു.
- രചനോത്സവം നടത്തുന്നു

# ആഗസ്റ്റ്

## പ്രവർത്തനഘട്ടങ്ങൾ

- ഭാഷാവികസനത്തിന് അവസരം നൽകുന്നു.
- പാട്ടരങ്ങ്, മലയാള മധുരം, റീഡേഴ്സ് തീയേറ്റർ പ്രവർത്തനങ്ങളുടെ ശില്പശാല.
- സംയുക്ത ഡയറിയിലേക്ക് വേണ്ട അനുഭവങ്ങൾ പങ്കിടൽ.

## പ്രവർത്തനങ്ങൾ

- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ ഭാവാത്മകമായി അവതരിപ്പിക്കൽ.
- ഭാഷാശേഷി വികസിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായന അവതരണം.
- രചനോത്സവത്തിൽ കുട്ടികൾക്ക് സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകൽ.

- ഭാവാത്മകവായനയിലേയ്ക്ക് കുട്ടികളെ നയിക്കാൻ.
- സചിത്ര നോട്ട്ബുക്കിൽ ചിത്രങ്ങൾ ഒട്ടിക്കാൻ അവസരം ഒരുക്കൽ.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തനങ്ങൾ

- സചിത്ര ഡയറിയെ - എന്റെ ഡയറിക്കുറിപ്പ് എന്ന വ്യവഹാര രൂപത്തിലാക്കുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം നൽകുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം നൽകുന്നു.
- ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമാക്കി മാറ്റുന്നു.

## ഒക്ടോബർ

### പ്രവർത്തനങ്ങൾ

- എല്ലാ കുട്ടികളും സചിത്രപാഠം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- CPTA യിൽ സചിത്രപാഠപുസ്തകം വിലയിരുത്തുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി സചിത്രപാഠപുസ്തകം അവതരിപ്പിക്കുന്നു.
- ഭാഷാപ്രവർത്തനം സർഗ്ഗാത്മകവും സജീവവുമാക്കുന്നു.
- ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

# നവംബർ

## പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി കൂടുതൽ വാക്യഘടനയിൽ എഴുതി ചേർക്കൽ
- കൂട്ടവായന. കുട്ടിക്കൂട്ടങ്ങൾക്ക് ചെറിയ വായനാക്കാർഡുകൾ, ബാലസാഹിത്യങ്ങൾ ഉപയോഗിച്ച്, പരസ്പരം സഹായിച്ച് ചിത്രവായന നടത്തുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.
- സചിത്ര പാഠം പ്രദർശനത്തിന് ഒരുക്കുന്നു.

# ഡിസംബർ

## പ്രവർത്തനങ്ങൾ

- കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
- ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടുന്നു.
- കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി, സചിത്ര പുസ്തകം എന്നിവ കൂടുതൽ മെച്ചപ്പെടുത്തുന്നു.

# ജനുവരി

## പ്രവർത്തനങ്ങൾ

- കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ ഇവയുടെ പ്രകാശനം
- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായി വായിക്കുന്നതിനുള്ള അവസരമൊരുക്കുന്നു.
- കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

- ഭാഷോത്സവം ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ ഭാവമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

## മാർച്ച്

### പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന, സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

### വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.

- സംയുക്ത ഡയറി വഴി ലക്ഷ്യ നേട്ടം കൈവരിക്കുന്നു.
- സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മക ശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- എല്ലാ കുട്ടികളുടെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# Introduction

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and Speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.
The academic master plan is designed to ensure that not a single child goes illiterate.

## Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familliariese with simple words
- Enjoy songs and sings them with Rhythm and action.
- Familiaries the names of birds, animals, their young ones and identifies them from pictures.

## June

- Introduce symbol words.
- Provides picture cards.

## July

- Identify familiar words.
- Say familiar words
- Read familiar words
- Write familiar words.

## August

- Enjoy songs and sings them with Rhythm and action
- Describes orally about pictures and objects using adjectives.

## September

- Read and write Simple words and Simple sentences.
- Provide picture cards and reading cards.

## October

- Introduce symbol picture descriptions.
- Make word chain, sentence chain
- Make riddles.
- Describing words, rhyming words.

· Text book activities.

## November

· Prepare reading cards.
· Provide more opportunities to read, ~~right~~ write and speak English.
· Write 5 English words daily.

## December

· Read and understand simple instructions in the classroom
· Encourage digital reading.

## January

· Enjoy Songs and Sings them with Rhythm and action.
· Make picture albums.
· Collect pictures of animals and its young ones.

## February

· Provide the opportunities to express myself in the classroom.
· English assembly once in a week.

## March

· Speaks English fluently.
· Read and write simple Sentences.
· Pictures reading and picture description.

## ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ് പാട്ടുകളിലൂടെയും. കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

- 1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- 5 വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- 5 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക- ഇരട്ട സംഖ്യകളുടെ വ്യവകലനം.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാ പാറ്റേൺ നിർമ്മിക്കൽ

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

## ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാകാർഡ് തയ്യാറാക്കുന്നു.

## ആഗസ്റ്റ്

- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്കസംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
- ഒരക്കസംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
- സംഖ്യാഗാനങ്ങൾ ആലപിക്കൽ

$1+1 = 2$ , $2+1 = 3$

## ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഒരക്ക സംഖ്യയും, രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ.

## ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- 1 -10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വിലവിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

- ഗണിതാശയുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിത പ്രവർത്തനങ്ങൾ
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# ACADEMIC MASTER PLAN

## 2025 - 2026

## CLASS - II

# ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളുടെ ഭാഷാവികാസം വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക.

ക്ലാസിലെ എല്ലാ കുട്ടികളുടെയും തെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

ചിത്രങ്ങൾ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

[കവിതാ പൂരണം]

# മലയാളം - പ്രവർത്തനകലണ്ടർ

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ | * ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട)<br>* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.<br>* വായനാ സാമഗ്രികൾ നിർമ്മിക്കൽ.<br>* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ. |
| ജൂലൈ | * ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉപയോഗിക്കുന്നു.<br>* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.<br>* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു. |
| ആഗസ്ത് | * ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.<br>* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.<br>* വീട്ടു ലൈബ്രറി ഒരുക്കൽ.<br>* ചിത്രവിവരണം<br>* വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു. |
| സെപ്റ്റംബർ | * വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.<br>* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.<br>* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ<br>* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ. |

| | |
|---|---|
| ഒക്ടോബർ | * കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.<br>* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.<br>ഉദാ: ആന<br>വലിയ ആന<br>കറുത്ത വലിയ ആന |
| നവംബർ | * കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു. |
| ഡിസംബർ | * ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസര ഒരുക്കുന്നു. |
| ജനുവരി | * വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ. (കവിതാ പൂരണം)<br>* ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ. |

| | |
|---|---|
| ഫെബ്രുവരി | * എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ [ഭാഷണം, ലേഖനം, എഴുത്ത്]<br>* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ. |
| മാർച്ച് | * വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ.<br>* ഇൻലൻറ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ.<br>* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ<br>* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അക്ഷരവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ<br>* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ |

# ഗണിതം - പ്രവർത്തന കലണ്ടർ

| | | |
|---|---|---|
| ജൂൺ | * | 1, 2, 3, 4 - - -<br>1, 3, 5, 7 - - -<br>10, 20, 30 - - - -<br>2, 4, 6, 8 - - - -<br>ഇടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ |
| | * | ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ |
| ജൂലൈ | * | ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി എത്രയെണ്ണം പറയൽ. |
| | * | ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ |
| | * | പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ.<br>[ 5+5=10, 10+10=20 ] |
| ആഗസ്റ്റ് | * | വിവിധ പാറ്റേണുകൾ രൂപീകരിക്കൽ. |
| | * | സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>99 നോട് 1 കൂട്ടിയാൽ 100<br>10 പത്തുകൾ ചേർന്നാൽ 100 ആകും.<br>100 ഒന്നുകൾ ചേർന്നതാണ് 100 |

| | | |
|---|---|---|
| | * | ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ. |
| സെപ്റ്റംബർ | * | ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ. |
| | * | വിലവിവരപട്ടിക തയ്യാറാക്കൽ. |
| | * | ക്ലാസിലൊരുകട സ്കൂളിലൊരുകട. ഗണിതാശയങ്ങൾ പ്രായോഗികതിതിയിലൂടെ ഉറപ്പിക്കുന്നു. |
| ഒക്ടോബർ | * | രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. |
| | * | സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ |
| | * | സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ [പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ) <br> 5, ...10, ...15, ...20 ... 25 <br> [5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം ചെയ്യാം] |
| നവംബർ | * | സ്ഥാനവില തിരിച്ചറിയൽ [ഒന്ന്, പത്ത്] |
| | * | പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ രേഖപ്പെടുത്തൽ. |
| | * | ക്ലാസിനൊരു കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ. |

| | | |
|---|---|---|
| | * | നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ<br>10 രൂപ + 5 രൂപ = 15 രൂപ<br>നോട്ട് നാണയം |
| ഡിസംബർ | *<br>*<br>* | സംഖ്യാ ബോധം തിരിച്ചറിവിൽ - സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.<br>സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)<br>രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. |
| ജനുവരി | *<br>* | വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ<br>പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ.<br>സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ |
| ഫെബ്രുവരി | *<br>* | ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.<br>ഉല്ലാസ ഗണിതം Materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.<br>ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ. |

| | | |
|---|---|---|
| | * | കലണ്ടർ പതിപ്പ് തയ്യാറാക്കൽ. |
| | * | കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. |
| | * | മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ |
| | * | കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ. |
| | * | കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ |
| | * | ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കുട്ടിയുക. |
| | | |

# English - Master plan

| Month's | | Activities |
|---|---|---|
| June | * | Pretest |
| | * | To develop listening skills & reading skills first. |
| | * | Listening skills |
| | | Games, Action song |
| | | Hello English activities, 2 |
| | * | Conversation, Skit stories |
| | * | Use ICT |
| | * | Picture description |
| July | * | Picture reading |
| | * | Riddles |
| | * | Self introduction |
| | * | News Paper reading |
| | * | Library reading |
| | * | Collect and ~~reading~~ Past tense, |
| | * | Rhyming words. |
| August | * | Describing words ~~etc~~. |
| | * | Text book activities |
| | * | Writing skils |
| | * | Add more lines |
| | * | Diary |

| | | |
|---|---|---|
| | * | Story |
| September | * | Song |
| | * | Discription |
| | * | Conversation |
| October | * | Introduces a simple Picture description. |
| | * | word chain, Sentence chain make words. |
| | * | Sentence make riddles. |
| November | * | My Small description book is being Prepard. |
| | * | Preparing the reading cards |
| | * | Write 5 English words daily. |
| December | * | Picture discription |
| | * | I CT using |
| | * | Simple instruction in the class room |
| | * | Enjoys songs and sings them with Rhythm and action. |
| | * | Animals & birds Collect Picture |
| | * | Spoken English class is Provided |

| | | |
|---|---|---|
| February & March | * | To improve the Presentation Power |
| | * | Reading skill. |
| | * | News Paper reading, Library books reading. |
| | * | Conversation, Skit stories use ICT materials |
| | * | Develop story. |
| | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

Std = III

## മലയാളം

| മാസം | പ്രവർത്തനം | യൂണിറ്റുകൾ | പ്രതീക്ഷിത അധ്യയന ദിനങ്ങൾ |
|---|---|---|---|
| ജൂൺ, ജൂലൈ | * ക്ലാസ്തല വാട്സാപ്പ് ഗ്രൂപ്പ് രൂപീകരണം (June-1)<br>* പ്രവേശനോത്സവം June-3<br>* നാടൻ പാട്ടുകൾ ശേഖരണം.<br>* പഴഞ്ചൊല്ലുകൾ ശേഖരണം<br>* കഥാ ശേഖരം<br>* ക്ലാസ് ലൈബ്രറി<br>* കവിത ചൊല്ലൽ ശില്പശാല<br>* കഥോത്സവം (നാടൻ കഥകളുടെ അവതരണം.)<br>* കടങ്കഥകൾ ശേഖരണം കടങ്കഥ പതിപ്പ് കടങ്കഥാപ്പയറ്റ്<br>* കലയിലെ കേമൻ, കലാകാരനെ പരിചയപ്പെടൽ<br>* കലാരൂപങ്ങൾ വേഷവിധാനം- ചിത്ര ശേഖരണം, ആൽബം | കനകച്ചിലങ്ക | ജൂൺ<br>20<br>22 |

| | | | |
|---|---|---|---|
| അഗസ്റ്റ്, സെപ്റ്റംബർ | * കുട്ടികൾ വരച്ച ചിത്രങ്ങൾ ക്ലാസിൽ ഒരുക്കി വയ്ക്കൽ.<br>* ക്ലാസ് ലൈബ്രറിയിൽ കുട്ടികളെക്കൊണ്ട് ഒരുക്കി വയ്ക്കൽ.<br>* നാടക ശില്പശാല.<br>* റോൾ പ്ലേ അവതരണങ്ങൾ.<br>* ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.<br>* പാചക കുറിപ്പ് തയാറാക്കൽ<br>* കത്തുകൾ, മാതൃകകൾ<br>* ശുചിത്വ പരിപാടി തയാറാക്കൽ<br>* പത്ര വായന | പലഹാരപ്പൊതി | 18, 15 |
| ഒക്ടോബർ | * കൃഷിയിടം സന്ദർശനം<br>* കൃഷിപ്പാട്ടുകൾ<br>* കൃഷി ചൊല്ലുകൾ<br>* കുട്ടിക്കളികൾ<br>* കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം.<br>* നാടൻപാട്ട് ശില്പശാല. | മനുഷ്യന്റെ കൈകൾ | 20 |

അക്കാദമിക് മാസ്റ്റർ പ്ലാൻ Std-III

## പരിസരപഠനം

| മാസം | പ്രവർത്തനം | യൂണിറ്റുകൾ | സാധ്യായ ദിനങ്ങൾ |
|---|---|---|---|
| ജൂൺ | * മാസ്റ്റർ പ്ലാൻ പ്രകാശനം.<br>* പരിസര നടത്തം.<br>* സസ്യങ്ങൾ കണ്ടുകൊണ്ടുള്ള നിരീക്ഷണം.<br>* എല്ലാ സസ്യങ്ങളും ഒരുപോലെയാണോ. സസ്യങ്ങളുടെ തണ്ടുകൾ ഇലകൾ എന്നിവയുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുക.<br>* പരിസരം നിരീക്ഷിച്ച് വള്ളിച്ചെടികൾക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.<br>* ജലത്തിൽ വളരുന്ന സസ്യങ്ങളുടെ പ്രത്യേകതകൾ.<br>* ചെറു പരീക്ഷണങ്ങൾ | ഹരിതഭൂമി | 20 |
| ജൂലൈ | * വീട്ടിലും പരിസരത്തുമായി ജീവിക്കുന്ന ജീവികളെ നിരീക്ഷിക്കൽ<br>* കണ്ടെത്തിയ ജീവികളുടെ പേരുകൾ പട്ടികപ്പെടുത്തുന്നു.<br>* വിരൽ ചിത്രങ്ങൾ.<br>* കാട്ടിലെ ജീവികളെ ചിത്രം നിരീക്ഷിച്ചതിന് ശേഷം പട്ടികപ്പെടുത്തുന്നു. | ജന്തുലോകത്തേക്ക്. | 20 |

| | | | |
|---|---|---|---|
| | * ജീവികളെ അവയുടെ സഞ്ചാര രീതിക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു.<br>* കടലാസുകൊണ്ട് ഓരോ ജീവികളുടെയും രൂപങ്ങൾ ഉണ്ടാക്കുന്നു. | | |
| ജൂലൈ ആഗസ്റ്റ് | * ജീവികളെ സസ്യങ്ങൾ മാത്രം ആഹാരമാക്കുന്നത്. മാംസം മാത്രം ഭക്ഷിക്കുന്നത്. സസ്യങ്ങളും മാംസവും ഭക്ഷിക്കുന്നത് എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു.<br>* ജലചിത്രങ്ങൾ ഉണ്ടാക്കുന്നു.<br>* മഴ പെയ്യുന്ന മാസങ്ങൾ പട്ടികപ്പെടുത്തുന്നു.<br>* മഴമാപിനി നിർമ്മാണം.<br>* ഓരോ ദിവസത്തെയും മഴ അളന്ന് പട്ടികപ്പെടുത്തുന്നു.<br>* ചെറു പരീക്ഷണങ്ങൾ.<br>* ജലം പാഴാക്കാതിരിക്കാനുള്ള മാർഗങ്ങൾ.<br>* ജലശുദ്ധീകരണം.<br>* മണ്ണിന്റെ പ്രാധാന്യം മനസിലാക്കുന്നു.<br>* ജലസ്രോതസ്സുകൾ മനസിലാക്കുന്നു. | ജന്തുലോകത്തേയ്ക്ക്<br>ജലവും മണ്ണും | 18 |
| സെപ്റ്റംബർ | * ആരോഗ്യമുള്ള ജീവിതത്തിന് വൃത്തി പ്രധാനമാണെന്ന് മനസിലാക്കുന്നു.<br>* നല്ല ആരോഗ്യശീലങ്ങൾ. | വൃത്തി നൽകും ശക്തി | 15 |

* പരിസര ശുചിത്വം
* നാടകം
* ശുചിത്വമില്ലായ്മ കൊണ്ടുള്ള രോഗങ്ങൾ
* ജലത്തിലൂടെ പകരുന്ന രോഗങ്ങൾ
* പ്രാഥമിക ചികിത്സകൾ പഠിക്കാം
* ജൈവമാലിന്യം, അജൈവ മാലിന്യം തരംതിരിക്കൽ
* പാഴ്‌വസ്തുക്കൾകൊണ്ടുള്ള അലങ്കാര വസ്തുക്കൾ.
* ICT സാധ്യത.
* പതിപ്പ്